
പാവനാടകങ്ങൾ



കണ്ണുണ്ടായാൽ പോരാ കാണണം

രചന: സി. ജി. ശാന്തകുമാർ
ദൃശ്യാവിഷ്കരണം: ജി. ജയകുമാർ

(1)

ഒരു നാട്ടുവഴി—വിദേശിയായ സഞ്ചാരി പ്രവേശിക്കുന്നു. അയാരം ഓരോ വസ്തുവിനേയും സസൂക്ഷ്മം ശ്രദ്ധിച്ച്, പരിശോധിച്ച് മുന്നോട്ട് നീങ്ങുന്നു. സ്റേറജിൻെറ പലഭാഗത്തുനിന്നും നാട്ടുകാർ പ്രവേശിച്ച്, നാട്ടുപാതയിലൂടെ നടന്നു നീങ്ങുന്നു അവർ വിദേശിയെ കാണുന്നു. അവർ രാജാവിൻെറ പിറന്നാരം ആഘോഷത്തിൽ പങ്കെടുക്കുവാൻ പോകുകയാണ് എന്ന് സംഭാഷണത്തിലൂടെ വ്യക്തമാക്കുന്നു—അവർ നടന്നു നീങ്ങുന്നു. സഞ്ചാരിഅവരെ പിൻതുടർന്ന് മറയുന്നു.

(2)

സംഘം പാട്ടുപാടിയും നൃത്തംചെയ്തും രാജപാതയിലൂടെ പ്രവേശിക്കുന്നു.

ആ....ആ....ആ....ഹായ്
ഏ....ഏ....ഏ....ഹേയ്
ഓ....ഓ....ഓ....ഹോയ്

പിറന്നാളിന്ന് തമ്പുരാന്...
തിരുന്നാളിന്നടിയങ്ങൾക്ക്....

....

ദൂരെ നിന്ന് 'എൻെറ കഴുതയെ ആരെങ്കിലും കണ്ടോ' എന്ന് കഴുതക്കാരൻ ഉറക്കെ ചോദിക്കുന്നത് കേൾക്കാം. അത് അടുത്തടുത്ത് വരുന്നു

കഴുതക്കാരൻ: (സംഘത്തിനോട്) എൻെറ കഴുതയെ ആരെങ്കിലും കണ്ടോ? എൻെറ കഴുതയെ ആരെങ്കിലും കണ്ടോ? എൻെറ കഴുതയെ ആരെങ്കിലും കണ്ടോ?

സംഘം: കഴുതയോ [ചിരിക്കുന്നു]

കഴുതക്കാരൻ: [കുറച്ചുകൂടി ഉച്ചത്തിൽ] എൻെറ കഴുതയെ ആരെങ്കിലും കണ്ടോ? (കരയുന്നു.)

സംഘം: നിങ്ങൾ ആരാണ്? എന്തുവേണം.?

കഴുതക്കാരൻ: എൻെറ കഴുതയെ കാണാനില്ല. എല്ലാവരോടും ചോദിച്ചു. എല്ലായിടവും അന്വേഷിച്ചു, നിങ്ങൾക്കറിയാമോ, എൻെറ കഴുത എവിടെയാണെന്ന്.

സംഘം: നിങ്ങളുടെ കഴുത എവിടെയായിരുന്നു?

കഴുതക്കാരൻ: വീട്ടിലായിരുന്നു. രണ്ടുദിവസമായി കാണാനില്ല. അന്വേഷിക്കാത്ത ഇടമില്ല. നിങ്ങൾ ഒന്നു സഹായിക്കണേ.

സംഘം: ഒരു കഴുതയെ കാണാത്തതിനാണോ ഇയാൾ ഇത്ര വിഷമിക്കുന്നത്.

സംഘം: ഒരു കഴുതയെ കാണാത്തതിനാണോ, താൻ മരിക്കാൻ നിൽക്കുന്നത്.

കഴുതക്കാരൻ: ആ കഴുതയെക്കൊണ്ട് ചുമടെടുപ്പിച്ചാണ് ഞാനും എന്റെ കുടുംബവും ജീവിക്കുന്നത്.

സംഘം: എങ്കിൽ നിങ്ങൾപോയി മറെറാരു കഴുതയെ വാങ്ങിക്കൂ. ഞങ്ങൾക്കു വേറെ പണിയുണ്ട്.

കഴുതക്കാരൻ: രണ്ടു ദിവസമായി എന്റെ കുട്ടികൾ പട്ടിണിയാണ്. കാൽകാശിന് വകയില്ല. ആ ഞാൻ എങ്ങനെയൊരു കഴുതയെ വാങ്ങിക്കും?

[പോകാൻ ഭാവിക്കുന്നു]

[ഇത്രയുംനേരം എല്ലാവരേയും സൂക്ഷ്മതയോടെ നിരീക്ഷിച്ച് നിന്നിരുന്ന സഞ്ചാരി മുമ്പോട്ട് വന്ന്]

സഞ്ചാരി: സുഹൃത്തേ, നിങ്ങളുടെകഴുതയുടെ ഒരു കാലിന് മുടന്തുണ്ട്, അല്ലേ?

കഴുതക്കാരൻ: [വളരെ സന്തുഷ്ടനായി. ആകാംക്ഷയോടെ] ഉവ്വ്, എന്റെ കഴുതയുടെ ഒരു കാൽ മുടന്തിയിട്ടാണ്; പറയൂ നിങ്ങൾ എവിടെയാണ് എന്റെ കഴുതയെ കണ്ടത്, ഞാൻ പോയിപിടിച്ചുകൊണ്ടുവരട്ടെ.
[സഞ്ചാരി ഇത് ശ്രദ്ധിക്കുന്നില്ല. അയാൾ എന്തോ ആലോചിച്ച് മുന്നോട്ട് നടക്കുന്നു]

സഞ്ചാരി: നിങ്ങളുടെ കഴുതയ്ക്ക് ഒരു കണ്ണിനെ കാഴ്ചയുള്ളു, അല്ലേ?

കഴുതക്കാരൻ: [കൂടുതൽ സന്തോഷത്തോടെ] ശരി, എത്രശരി. എൻെറ കഴുതയ്ക്ക് ഒരു കണ്ണിനു മാത്രമേ, കാഴ്ചയുള്ളൂ. താങ്കൾ എന്താണ് ഇത്രയുംനേരം മിണ്ടാതിരുന്നത്. ഞാൻ എന്തുമാത്രം പരിഭ്രമിച്ചു. പറയൂ എവിടെയാണ് എൻെറ കഴുത നിൽക്കുന്നത്. ഇവിടെ അടുത്താണോ?

സഞ്ചാരി: [വീണ്ടും അത് ശ്രദ്ധിക്കുന്നില്ല] നിങ്ങളുടെ കഴുതയുടെ ഒരു വശത്തെ പല്ല് കൊഴിഞ്ഞുപോയിട്ടുണ്ട് അല്ലേ?

കഴുതക്കാരൻ: [സംഘത്തോട്] എൻെറ കഴുതയെ വളരെക്കാലം പരിചയമുള്ള ഒരാളെപ്പോലെയാണല്ലോ ഇയാൾ ലക്ഷണം പറയുന്നത്. ഭാരം വഹിച്ച് ഒരിക്കൽ കുന്നിറങ്ങുമ്പോൾ വഴുതിവീണിട്ടാണ് അവൻെറ പല്ലുപോയതും, മുടന്തുണ്ടായതും. എന്നാലെന്താ ഇപ്പോഴും അവൻ രണ്ടുകഴുതകളുടെ ഭാരം വഹിക്കും.

സംഘം: ഓ-ഹ, അയാൾക്ക് കഴുതയെ കുറിച്ച് എല്ലാമറിയാമല്ലോ?

കഴുതക്കാരൻ: [സഞ്ചാരിയെ സമീപിച്ച്] സുഹൃത്തേ, വളരെ നന്ദി, എവിടെ ആണ് എൻെറ കഴുതയെ നിർത്തിയിരിക്കുന്നത്, വേഗം പറയൂ.

സഞ്ചാരി: [ചിരിച്ച്] നിങ്ങളുടെ കഴുതയെ ഞാൻ കണ്ടിട്ടില്ല.

സംഘം: ങേ-ഓ, നുണപറയുമ്പോഴും ഒരു ചേർച്ചയൊക്കെ വേണ്ടേ.

സംഘം:(1) ഇത്രയൊക്കെ ലക്ഷണങ്ങൾ പറഞ്ഞ ഒരാൾ കഴുതയെ കണ്ടിട്ടില്ല എന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കുക?

(2) ആ പാവത്തിന്റെ കഴുത എവിടെയാണെന്ന് വേഗം പറഞ്ഞോളൂ.

(3) ഒരു മുടന്തൻ കഴുതയെ കിട്ടിയിട്ട് ഇയാൾക്കെന്ത് ചെയ്യാനാണ്.

സഞ്ചാരി: ശരിയാണ് എനിക്കെന്ത് ചെയ്യാനാണ്.

കഴുതക്കാരൻ: [സങ്കടവും ദേഷ്യവും ഒക്കെ ചേർന്ന്]നീ ഒന്നും പറയണ്ട. എനിക്കെന്റെ കഴുതയെ ഇപ്പോൾ കിട്ടണം, എടാ കള്ളാ നീയെവിടെയാണെന്റെ കഴുതയെ ഒളിപ്പിച്ചിരിക്കുന്നത്? വേഗംപറ, ഇല്ലെങ്കിൽ നിന്റെ എല്ല് ഞാൻ ഒടിക്കും.

[സംഘം ഇടപെട്ട് രണ്ടുപേരെയും പിടിച്ചു മാററുന്നു. ആകെ ബഹളം]

സംഘം: (1) നിർത്തിൻ, നിർത്തിൻ, [ബഹളം ശാന്തമാകുന്നു] ഇന്ന് മഹാരാജാവിന്റെ പിറന്നാൾ ആഘോഷമാണ്. നമ്മൾക്കു കൊട്ടാരത്തിലേയ്ക്ക് പോകാം. രാജാവ് കണ്ടുപിടിക്കട്ടെ ആരാണ് കഴുതയെ ഒളിപ്പിച്ചിരിക്കുന്നതെന്ന്.

(എല്ലാവരും അത് അംഗീകരിക്കുന്നു.)

(3)

[രാജകൊട്ടാരം—രാജാവ്, കഴുതക്കാരൻ, സഞ്ചാരി— രാജാവ് വിചാരണ നടത്തുന്നതിനിടയിലാണ് രംഗം ആരംഭിക്കുന്നത്,]

രാജാവ്: നിങ്ങൾ ഇയാളുടെ കഴുതയെ ഒളിപ്പിച്ചിരിക്കുന്നു എന്ന് പറയുന്നത് ശരിയാണോ?

സഞ്ചാരി : ഞാൻ ഇയാളുടെ കഴുതയെ കണ്ടിട്ടുപോലുമില്ല. പിന്നല്ലേ? ഒളിപ്പിച്ചുവയ്ക്കുക.

കഴുതക്കാരൻ: ഇയാൾ കള്ളം പറയുകയാണ് തിരുമേനി. കഴുതയുടെ ഒരു കാൽ മുടന്തിയിട്ടാണെന്നും, ഒരു കണ്ണിന് കാഴ്ചയില്ല എന്നും, ഒരു വശത്തെ പല്ല് കൊഴിഞ്ഞിട്ടുണ്ടെന്നും ഇയാൾ പറഞ്ഞു തിരുമേനി.

രാജാവ്: [ആകാംക്ഷയോടെ] കഴുതയെ കാണാതെയാണോ, ഇതൊക്കെ പറഞ്ഞത്

സഞ്ചാരി: അതെ തിരുമേനി

രാജാവ്: അതെങ്ങനെ കഴിയും?

സഞ്ചാരി: ഞാൻ രണ്ടുമൂന്ന് ദിവസമായി ഈ ദേശത്തു വന്നിട്ട്. ഒരു സത്രത്തിലാണ് താമസം. രാവിലെ നടക്കാൻ പോകുന്ന സ്വഭാവം എനിക്കുണ്ട്. ഞാൻ രാവിലെ സത്രത്തിനടുത്തുള്ള നാട്ടുപാതയിലൂടെ നടക്കുകയായിരുന്നു. രാത്രി മഴ പെയ്തിരുന്നതിനാൽ വഴിയിൽ കാൽപാടുകൾ ഉണ്ടായിരുന്നില്ല. ഒരു ജന്തു നടന്നുപോയതിന്റെ കാൽപാടുകൾ എന്റെ ശ്രദ്ധയിൽപെട്ടു. അതൊരു കഴുതയുടേതാണെന്ന് സൂക്ഷിച്ചുനോക്കിയപ്പോൾ എനിക്ക് മനസിലായി.

രാജാവ്: എന്താണ് അത് ശ്രദ്ധിക്കുവാൻ കാരണം.

സഞ്ചാരി: നടക്കുമ്പോഴും ഇരിക്കുമ്പോഴും ചുററുപാടുമുള്ള കാര്യങ്ങൾ നിരീക്ഷിക്കുക കുട്ടിക്കാലം മുതൽക്ക് എൻെറയൊരു ശീലമാണ്.

രാജാവ്: എന്നിട്ട്?

സഞ്ചാരി: കഴുതയുടെ ഒരു കാലിൻെറ പാട് മാത്രം നിലത്ത് ശരിക്ക് പതിഞ്ഞിരുന്നില്ല. അങ്ങനെയാണ് കഴുതയ്ക്ക് മുടന്തുണ്ടെന്ന് ഞാൻ ഊഹിച്ചത്. വഴിയിൽ മനുഷ്യരുടെ കാൽപ്പാടുകൾ ഉണ്ടായിരുന്നില്ല. അത് കണ്ടപ്പോൾ എനിക്കതിശയമായി.

രാജാവ്: അതിലെന്താണിത്ര അതിശയിക്കാൻ.

സഞ്ചാരി: കഴുതയുടെ കൂടെ ആരും ഉണ്ടായിരുന്നില്ല എന്നല്ലേ അത് സൂചിപ്പിക്കുന്നത്. അതുകൊണ്ട് കഴുത കെട്ടഴിഞ്ഞു ഓടിപോകുന്നതാണെന്ന് ഞാൻ കരുതി.

കഴുതക്കാരൻ: തിരുമേനി, ഇയാൾ കൽപിച്ചുകൂട്ടി കള്ളം പറയുകയാണ്.

രാജാവ്: നിങ്ങൾ മിണ്ടാതിരിക്കണം, ഇയാൾ പറയട്ടെ. കഴുതയ്ക്ക് ഒരു കണ്ണേയുള്ളുവെന്ന് നിങ്ങൾ എങ്ങനെ മനസിലാക്കി.

സഞ്ചാരി: വഴിക്കിരുവശത്തും ചെടി വളർന്നുനിന്നിരുന്നു. എന്നാൽ,റോഡിൻെറ വലതു

വശത്തുള്ള ചെടികൾ മാത്രമേ, കഴുത തിന്നിരുന്നുള്ളു. വലതുവശത്ത് ചെടികൾ തീരെയില്ലാത്ത ഇടത്തെത്തിയിട്ടു പോലും അത് ഇടതുഭാഗത്ത്നിന്ന് ഒരിലപോലും കടിച്ചതായി കണ്ടില്ല. അതിൽനിന്ന് അതിൻെറ ഇടത്തേകണ്ണിന് കാഴ്ച കുറവാണെന്ന് ഞാൻ ഊഹിച്ചു.

രാജാവ്: കഴുതയുടെ ഒരു ഭാഗത്തെ പല്ല്പോയിട്ടുണ്ടെന്ന് നിങ്ങൾ ഏത് വഴിയിൽ നോക്കിയാണ് കണ്ടുപിടിച്ചത്.

സഞ്ചാരി: അത് ഞാൻ വഴിയിൽ നോക്കിയല്ല മനസിലാക്കിയത്. ഇത്രയുമായപ്പോൾ കഴുതയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയണമെന്ന് എനിക്കുതോന്നി. വഴിയുടെ വലതുഭാഗത്ത് ചില ചെടികളുടെ ഇലകൾ കഴുത തിന്നുതീർത്തിരുന്നു. ചില ഇലകൾ അത് കടിച്ചുതീർത്തിരുന്നു. അത്തരം ഇലകളിൽ കഴുതയുടെ ഒരു വശത്തെ പല്ലു മാത്രമേ പതിഞ്ഞിരുന്നുള്ളൂ. ഇതിൽനിന്ന് അതിൻെറ മറുഭാഗത്തെ പല്ലുകൾ നഷ്ടപ്പെട്ടിരിക്കുമെന്ന് ഞാൻ ഊഹിച്ചു.

രാജാവ്: അവസാനം നിങ്ങൾ കഴുതയെകണ്ടെത്തിയോ?

സഞ്ചാരി: ഇങ്ങനെ കുറേ ദൂരം നടന്നപ്പോൾ പെട്ടെന്ന് വഴിയിൽ കഴുതയുടെ കാല്പാടുകൾ കാണാതായി. അവിടെത്തന്നെ

ആളുകളുടെ കാലടികളും കണ്ടു. ഇതിനർഥം ഈ സ്ഥലത്തുവച്ച് കഴുതയെ ആരോ പിടിച്ചുകൊണ്ടുപോയിരിക്കും എന്നാണ്. കുറേക്കൂടി നടന്ന് ഞാൻ സത്രത്തിലേയ്ക്കു തിരിച്ചുപോന്നു. വൈകുന്നേരം യാത്രക്കാരുടെ പാട്ടും കേട്ടിരിക്കുമ്പോഴാണ് കഴുതയെ കാണാനില്ല എന്നു പറഞ്ഞു ഇയാൾ വന്നത്.

രാജാവ്: ഇത്രയേറെ ബുദ്ധിശക്തിയും, നിരീക്ഷണപാടവവുമുള്ള ഒരാൾ എന്റെ രാജ്യത്ത് ഉണ്ടായാൽ ഞാൻ സന്തുഷ്ടനാകും. നിങ്ങളുടെ കഴിവുകൾ എന്റെ രാജ്യത്തിനുവേണ്ടി പ്രയോജനപ്പെടുത്തുവാൻ നാം ആഗ്രഹിക്കുന്നു. നിങ്ങൾ എന്ത് പറയുന്നു? നിങ്ങൾ ആവശ്യപ്പെടുന്നതെന്തും ഞാൻ തരാം.

സഞ്ചാരി: തിരുമേനി ക്ഷമിക്കണം, അടിയൻ മറ്റൊരു രാജ്യത്തെ പ്രജയാണ്. അടിയന്റെ എളിയ കഴിവുകൾ അടിയന്റെ രാജ്യത്തിനും സഹോദരങ്ങൾക്കും വേണ്ടി പകർന്ന് നല്കുവാനാണ് എന്റെ ആഗ്രഹം. തിരുമേനി ക്ഷമിക്കണം. ഞാൻ ഒന്നു ചോദിക്കട്ടെ, അങ്ങെന്തിനാണ് എന്റെ സേവനം ആവശ്യപ്പെടുന്നത്? ശ്രമിച്ചാൽ ഇയാൾക്കു തന്റെകഴുതയെ കണ്ടുപിടിക്കാൻ കഴിയില്ലേ? അവർക്കു കഴിയില്ലേ? എന്തിനേറെ, ഈ കുട്ടി

കറംക്ക് കഴിയില്ലേ? കഴിയില്ലേ, കഴി
യില്ലേ, കഴിയും.

രാജാവ്: കണ്ണുതുറന്ന് ചുററുപാടും നോക്കണം
[രാജാവ് മുമ്പിലേയ്ക്കുവന്നു]
കണ്ണുതുറന്ന് നോക്ക്, കാത് തുറന്നു
കേറംക്ക്, വായതുറന്ന് വിളിക്ക്.

[സംഘംസ്റേറജിന് പുറകിൽ
നിന്നുംപ്രത്യേക താളത്തിൽ മുമ്പി
ലേക്കു വന്ന് പാടുന്നു]

കണ്ണുണ്ടായാൽപോരാ
കാണണം, കാണണം
കാണേണ്ടത് കാണണം.

കാതുണ്ടായാൽ പോരാ
കേറംക്കണം, കേറംക്കണം
കേറംക്കേണ്ടതുകേറംക്കണം

നാവുണ്ടായാൽപോരാ
പറയണം, പറയണം
പറയേണ്ടത്,പറയണം.

[സംഘം കുട്ടികളുടെ ഇടയിലൂടെ ഇറ
ങ്ങി നടന്ന് അകലുന്നു. അപ്പോഴും അ
കലെനിന്നും ഈ ശബ്ദം കേറംക്കാം]

ഭീകരൻ

രചന : കണ്ണപുരം ചന്ദ്രൻ

[മുത്തശ്ശി നാമം ജപിക്കുന്നു]

മുത്തശ്ശി : എടാ രാജുമോനേ.... (ആവർത്തിക്കുന്നു. രാജു വരുന്നു)

രാജു : എന്താ മുത്തശ്ശീ, മുത്തശ്ശി എന്നെ വിളിച്ചോ?

മുത്തശ്ശി : നീ എവിടെയായിരുന്നു? കളിച്ചു നടന്ന് നിനക്കൊന്നും കഴിക്കുകയും വേണ്ടേ? അതാ വിളമ്പി വച്ചിരിക്കുന്നു. പോയിക്കഴിക്ക്.

രാജു : ഓ. മുത്തശ്ശീ (കഴിക്കാൻ പോകുന്നു)

മുത്തശ്ശി : നീ കൈ കഴുകിയോടാ?

രാജു : അതിന് ദാ എന്റെ കൈയിൽ അഴുക്കില്ലല്ലോ.

മുത്തശ്ശി : ശിവശിവ ! നീ ഇത്രനേരവും മണ്ണിൽ കളിച്ചതല്ലേ? എന്തെല്ലാം അഴുക്കാ ഉണ്ടാവുക? വല്ല സൂക്കേടും പിടിക്കും. പോയി കൈ കഴുക്.

രാജു : ഓ. ഈ മുത്തശ്ശി (കൈകഴുകാൻ പോകുന്നു. (ഞെട്ടിത്തിരിഞ്ഞുവന്ന്) മുത്തശ്ശീ, മുത്തശ്ശീ, തവള.

മുത്തശ്ശി : ങേ?

രാജു : മുത്തശ്ശി തവള. ഒരു പെരുന്തവള.

മുത്തശ്ശി : ങേ? എവിടെ എവിടെ?

തവള : ക്രോം ക്രോം. രക്ഷിക്കണേ, രക്ഷിക്കണേ!

മുത്തശ്ശി : അശ്രീകരം സന്ധ്യനേരത്ത്....(രാജു വടിയെടുക്കാൻ പോകുന്നു)

തവള : രക്ഷിക്കണേ രക്ഷിക്കണേ! ഒരുവൻ ചാക്കുമായി എന്റെ പിന്നാലെ വരുന്നു.

മുത്തശ്ശി : ങേ, തോക്കോ?

തവള : അല്ല ചാക്ക്. അവരെന്നെ ചാക്കിലാക്കി വിദേശത്ത് അയക്കും.

മുത്തശ്ശി : അപ്പോഠ നിനക്ക് കൊറെ രാജ്യങ്ങളൊക്കെ കാണാമല്ലോ?

തവള : തലയില്ലാതെങ്ങനെയാ നാടു കാണുക? അവർക്കെന്റെ കാലുമാത്രം മതി.

(രാജു ചൂലുമായി വന്ന് അടിക്കുന്നു. മുത്തശ്ശി തടയുന്നു)

മുത്തശ്ശി : അടിക്കണ്ടാ മോനേ. പാവമല്ലേ? അതങ്ങ് പൊയ്ക്കോളും.

തവള : അയ്യോ ഞാൻ പാവമാണേ. അല്പം കഴിഞ്ഞങ്ങു പൊയ്ക്കോളാം. ഞാൻ നിങ്ങഠക്കെന്തുപദ്രവമാണ് ചെയ്യുന്നത്, ഉപകാരമല്ലാതെ?

രാജു : നീ ഞങ്ങരംക്കെന്തുപകാരമാചെയ്യുന്നത്?

തവള : മനുഷ്യന് മന്തും മലമ്പനിയുംമററും പരത്തുന്ന കൊതുകുകളേം ഈച്ചകളേം ഒക്കെ തിന്നു നശിപ്പിക്കുന്നതാരാ?

രാജു : നീയാ?

തവള : പിന്നല്ലാതെ

മുത്തശ്ശി : അതു ശരിയാ. തവളകളില്ലാഞ്ഞിട്ടാ കൊതുകിൻേറം ഈച്ചയുടേം ശല്യമിത്രപെരുകിയത്.

രാജു : (പുറത്തുപോയി നോക്കിയിട്ട്) ചാക്കുകാരൻ പോയി. ഇനി നീപോ.

മുത്തശ്ശി : നീയുംപോ. പോയി ഭക്ഷണം കഴിക്ക്.
(രാജു ഭക്ഷണംകഴിക്കാനൊരുങ്ങുന്നു.)

മുത്തശ്ശി : അയ്യോ നീ കൈകഴുകുന്നില്ലേ?

രാജു : ഞാനിപ്പഴല്ലേ മുത്തശ്ശീ കൈകഴുകിയത്?

മുത്തശ്ശി : നീയിപ്പഴല്ലേടാ ചൂലെടുത്തത്?
(രാജു കൈകഴുകാൻ പോകുന്നു. തവള ചാടി വരുന്നു. രാജുപിന്നോട്ടും).

രാജു : അയ്യോ മുത്തശ്ശീ പാമ്പ്.

മുത്തശ്ശീ : ങേ....ചേമ്പോ?

രാജു : അല്ല മുത്തശ്ശീ...പാമ്പ്. കൊല്ല് മുത്തശ്ശീ.

പാമ്പ് : അയ്യോ എന്നെ ഒന്നും ചെയ്യല്ലേ! ഞാനൊരുപാവമാണേ. വിശന്നുചാകാറായപ്പോഴാ ഭാഗ്യത്തിന് ഇവനെ കണ്ടത്.

രാജു : നീ മനുഷ്യനെ കടിച്ചുകൊല്ലുന്നവനാ.

മുത്തശ്ശി : നില്ക്ക് ഞാനൊന്നു നോക്കട്ടെ. അയ്യോ അതൊരു പാവം ചേരയാ മോനേ.

ചേര : അതേ ഞാനാരെയും ഉപദ്രവിക്കില്ല. ഉപകാരമേ ചെയ്യൂ.

രാജു : നീയെന്തുപകാരമാ ചെയ്യുന്നത്?

ചേര : നിങ്ങളുടെ പുസ്തകവും തുണീം ഭക്ഷണസാധനങ്ങളും തിന്നു നശിപ്പിക്കുന്ന എലികളെ തിന്നുതീർക്കുന്നതാരാ?

രാജു : നീയാ?

ചേര : പിന്നല്ലാതെ? ഞാനും എൻെറ കുടുംബക്കാരുമാ. (പിടിക്കാൻ പായുന്നു)

മുത്തശ്ശി : പിന്നെന്തിനാ ചേരേ, നീയീപാവം തവളേടെ പിന്നാലെ പായുന്നത്?

ചേര : ഇവനും എൻെറ ഭക്ഷണമല്ലേ മുത്തശ്ശീ.. വല്ലപ്പോഴുമൊരു മാററം വേണ്ടേ?

മുത്തശ്ശി : ങേ....?

ചേര : ഒരു ചെയിഞ്ച്!

രാജു : (മുത്തശ്ശിയോട്). ചേരചുററിയാൽ പുഴുത്തുചാകുമെന്ന് പറയുന്നതോ?

ചേര : അയ്യോ, അതൊക്കെ വെറും അന്ധവിശ്വാസമല്ലേ കുഞ്ഞേ? മനുഷ്യനെന്നു കേട്ടാൽ തന്നെ എനിക്കു പേടിയാ?

മുത്തശ്ശി : പിന്നെ ആരാക്കാര് പറയുന്നതോ?

ചേര : വെറുതെ ആളുകള് പറയുന്നതാ.

(ചേര തവളയെ പിടിക്കാൻ ഒരുങ്ങുന്നു.)

മുത്തശ്ശി : പോ ചേരേ പോ. (മുത്തശ്ശി തടയുന്നു) അതു രക്ഷകിട്ടാൻ വന്നതാ.

ചേര : (പിന്തിരിഞ്ഞ്) നിന്നെ ഞാനെടുത്തോളാം. നിന്നെഞാൻ കുണ്ടുകുളത്തിൽ വച്ചു കണ്ടോളാം.

മുത്തശ്ശി : കുണ്ടുകുളത്തിലോ കുന്നംകുളത്തോ വച്ചുകാണ്. നീയിപ്പോഠം പോ.

രാജു : [പാമ്പുപോയപ്പോഠം] അവൻ പോയി. ഉം. നീയും പോ.

ഭീകരൻെറ വരവ്—

(തവള പോകാൻ തുടങ്ങുന്നു. ഈച്ചയുടെ മൂളൽ. തവള തിരിഞ്ഞിട്ട്)

തവള : അതാ അവൻ വരുന്നു. കൊലയാളി.

മുത്തശ്ശി : ങേ....? മുതലാളിയോ?

തവള : കൊലയാളി, മനുഷ്യരുടെ, കൊലയാളി... ഭീകരൻ.

രാജു : അയ്യോ പുലിയോ കടുവയോമറേറാ ആണോ?

തവള : ക്രോം ക്രോം. അതിനേക്കാളുമൊക്കെ ഭീകരൻ.

മുത്തശ്ശി : എവിടെ. ഞാനാരെയും കാണുന്നില്ലല്ലോ? (ഈച്ച വരുന്നു, ഇരിക്കുന്നു.)

തവള : അതാ അവൻ തന്നെ?

രാജു : ഇത് നമ്മുടെ ഈച്ചയല്ലേ? ഇവനാണോ ഭീകരൻ? നിന്നെക്കാളൊക്കെ സുന്ദരനാ ഇവൻ. പളുങ്കുചിറകുകഠം. സ്വർണ്ണകണ്ണു

കാം....വരയൻ കുപ്പായം....ഹായ്....എന്തു രസം!

ഈച്ച : ഞാനിവിടെ പതിവുകാരനാ. നിനക്കിവിടെ എന്തു കാര്യം. പോക്കാച്ചിത്തവളേ? (കറങ്ങിപ്പറന്നിരിക്കുന്നു.)

തവള : കണ്ടില്ലേ? ഇതാണിവൻെറ സ്വഭാവം. (രാജുവിൻെറ തലയിലിരിക്കുന്നു) എവിടെയും ചെന്നിരിക്കും. (ഭക്ഷണത്തിൽ പററുമ്പോാം)എന്തുംതിന്നും. കാലുകാം കണ്ടില്ലേ? നിറയെ രോഗാണുക്കളാ.

മുത്തശ്ശി: രോഗാണുക്കളോ? അതെങ്ങനാ തവളേ ഈച്ചയുടെ കാലുകളിൽപ്പിടിച്ചുകയറുന്നത്?

തവള : ക്ഷയരോഗിയുടെ കഫത്തിലും കോളറാ രോഗിയുടെ മലത്തിലും എല്ലാ വൃത്തികേടുകളിലും അല്ലേ ഇവൻെറ വാസം?

രാജു : (ഛർദിക്കുന്നു)

തവള : അങ്ങേലെ മാധവൻ ഇന്നലെ മരിച്ചില്ലേ? ഇവൻ കാരണമാ.

ഈച്ച : ഞാനോ? (ചിരി)

തവള : നീ തന്നെ

മുത്തശ്ശി: തങ്കംപോലത്തെ മനുഷ്യനായിരുന്നു. രണ്ടു പ്രാവശ്യം ഛർദ്ദിച്ചു. മൂന്നുനാലുവട്ടം വയററീന്നുംപോയി. തീർന്നില്ലേ കഥ?

രാജു : കോളറ പരത്തുന്നത് ഈച്ചയാ?

തവള : കോളറ മാത്രമോ? ടൈഫോയിഡും അതി സാരോം എല്ലാം പരത്തുന്നതിവനാ.

മുത്തശ്ശി : അപ്പോാം ഈച്ചയെത്തിന്നുന്ന നിനക്കും പിടിക്കില്ലേ സൂക്കേട്?

തവള : അതൊക്കെ നിങ്ങാം മനുഷ്യർക്കേ ഏൽക്കൂ.

രാജു : ആഹാ എന്നാൽ ഇവനെ ഇനി കൊന്നിട്ടു തന്നെ കാര്യം. (രാജു വടിയെടുക്കാൻ പോകുന്നു)

ഈച്ച : ഞങ്ങളെയങ്ങനെ എളുപ്പത്തിലൊന്നും നശിപ്പിക്കാനൊക്കില്ല. ഞങ്ങളുടെ പെണ്ണുങ്ങാം ഒരു പ്രാവശ്യം പത്തിരുപതിനായിരം മുട്ടകളാ ഇടുന്നത്.

രാജു : (വടിയുമായി വരുന്നു. അടിക്കുന്നു.— തവളക്ക് അടികിട്ടുന്നു—പാത്രം അടിയേററുവീഴുന്നു.ഈച്ച മുത്തശ്ശിയുടെ തലയിൽ ഇരിക്കുന്നു.)

മുത്തശ്ശി : അയ്യോ ചോറും പോയോ കുട്ടാ. സാരമില്ല. കൊടുക്കെടാ.

രാജു : അനങ്ങല്ലേ മുത്തശ്ശീ.

മുത്തശ്ശീ : എവിടെയാ കുട്ടാ. കൊടുക്ക് (രാജു അടിക്കുന്നു. തലയ്ക്ക് അടികൊണ്ട് മുത്തശ്ശി കരയുന്നു.)

ഈച്ച : എന്നോടു കളിച്ചാൽ ഇങ്ങനെയിരിക്കും..

മുത്തശ്ശി : എങ്ങനെ?

(തവള ഈച്ചയെ പിടിക്കുന്നു.)

ഈച്ചകൾ പരത്തുന്ന മാരകരോഗങ്ങളിൽ നിന്നു രക്ഷനേടാൻ,

കൂട്ടുകാരേ,

1 ഭക്ഷണപദാർത്ഥങ്ങൾ മൂടി സൂക്ഷിക്കണം.

2 വീടുംപരിസരവും ശുചിയായി സൂക്ഷിക്കുക.

3 തുറസായ സ്ഥലത്ത് മലമൂത്രവിസർജനം നടത്താതിരിക്കുന്നതിനു വേണ്ടി കക്കൂസുകൾ ഉപയോഗിക്കുക.

അങ്ങിനെ ചെയ്യില്ലേ കൂട്ടുകാരേ....

○

ആരെ രാജാവാക്കണം?

രചന: പ്രൊഫ: എസ് ശിവദാസ്

(കുറുക്കൻ ഏങ്ങലടിച്ച് നിലവിളിച്ചുകൊണ്ട് വരുന്നു. പുലിയുടെ അലർച്ച)

പുലി : ആരെടാ അവിടെ?

(കുറുക്കൻ പാറയ്ക്ക് പിന്നിൽ ഒളിയ്ക്കുന്നു. പുലി പ്രവേശിച്ച് ചുററും നോക്കിയിട്ട്)

പുലി : ആരെടാ ഇവിടെ നിലവിളിച്ചത്?

(കുറുക്കനെ കണ്ടിട്ട്) വാടാ ഇവിടെ. എന്തിനാടാ കരയുന്നത്?

(കുറുക്കൻ പേടിച്ച് വരുന്നു. കരയുന്നു)

കുറുക്കൻ : നമ്മുടെ സിംഹരാജാവ് നാടുനീങ്ങിയതിന്റെ സങ്കടം തീരാഞ്ഞിട്ടാണേ കരഞ്ഞത്.

പുലി : സിംഹം ചത്തിട്ട് ദിവസം എത്രയായെടാ?

കുറുക്കൻ : അയ്യോ ''മഹാരാജാ''വല്ലേ മരിച്ചത്? സങ്കടം പെട്ടെന്നെങ്ങാനും തീരാൻ പററുമോ ഒരാഴ്ചയെങ്കിലും....

പുലി : എടാ, സിംഹം മരിച്ചതിൽ ഒന്നുകൊണ്ടും ഭയപ്പെടണ്ട. ധീരതയിൽ സിംഹത്തേക്കാറം

ഒട്ടും മോശമല്ല ഞാൻ. ഞാനും രാജകുടും ബത്തിൽ പിറന്നവനാ. ഈ ഞാനുണ്ട് നിങ്ങൾക്ക്.

(കരടി ചാടിവരുന്നു)

കരടി : ഹ ഹ ഹ- നീ മാത്രമല്ല ഞാനുമുണ്ട്. എനിക്ക് ധൈര്യം മാത്രമല്ല. ഉന്നതങ്ങളിൽ പിടിപാടുമുണ്ട്. എവിടെയും കയറിച്ചെല്ലാനും ഏതഭ്യാസവും കാണിയ്ക്കുവാനും എനിക്ക് കഴിയും. ആയതിനാൽ അടുത്ത രാജാവിൻെറ സ്ഥാനത്തേയ്ക്ക് എന്നെപ്പോലെ അർഹതയുള്ളവൻ വേറെയുണ്ടോ?

കുറുക്കൻ : ഉണ്ടോ എന്ന് ചോദിച്ചാൽ ഇല്ല!

പുലി : ഇല്ലേ?

കുറുക്കൻ : ഇല്ലേ എന്ന് ചോദിച്ചാൽ ഉണ്ട്!

കരടി : ഉണ്ടോ?

(കരടിയും പുലിയും കുറുക്കനെ ആക്രമിയ്ക്കുന്നു.)

കുറുക്കൻ ചത്തതുപോലെ കിടക്കുന്നു. പിന്നിൽ കുളമ്പടിശബ്ദം.

കുറുക്കൻ : (തക്കത്തിൽ എഴുന്നേററിട്ട്)
ചേട്ടൻമാരെ ഒരു ശബ്ദം..!(ഒളിയ്ക്കുന്നു)

പുലി : കുളമ്പടിയാണല്ലോ!

കരടി : കുതിരയും മററുമായിരിക്കും.

കുറുക്കൻ : (തലനീട്ടി) പേടിക്കണ്ടാ ചേട്ടൻമാരെ. ഞാനിവിടുണ്ട്. വരുന്നതാരായാലും കുറച്ചൊന്നൊഴിഞ്ഞ് നിൽക്കുന്നതാ ബുദ്ധി. ധൈര്യമായി ഇങ്ങ് പോരെ!

(പുലിയും കരടിയും മറയുന്നു.)

(കുതിര, ആന, മാൻ, കഴുത, മുയൽ എന്നിവർ വരുന്നു)

കഴുത : പുല്ലുതിന്നുന്നവനെ വെല്ലാൻ ഒരു മല്ലനുമില്ല. ഉണ്ടോ?

ആന : (മുയലിനെ തലോടിക്കൊണ്ട്) ഏതായാലും നമ്മുടെ ഉണ്ണിമുയൽ മിടുക്കൻ തന്നെ. ആ കൂററൻ സിംഹത്തെ ഇത്തിരിപ്പോന്ന ഇവനല്ലെ കിണററിൽ ചാടിച്ചുകൊന്നത്! സൂത്രശാലി!

മാൻ : ചെറുതായാലെന്താ. തടിയിലല്ലല്ലൊ കാര്യം. തലയിലല്ലെ!

കുതിര : അതെയതെ ഏതായാലും നമുക്കിനി പുതിയൊരു രാജാവ് വേണമല്ലൊ.

മാൻ : അതെ. പക്ഷെ തർക്കമെവിടെയല്ല. രാജാവിന് വേണ്ട മുഖ്യഗുണമെന്താണെന്നാണ്!

കുതിര : ശക്തി. കുതിരശക്തി എന്ന് കേട്ടിട്ടില്ലേ? H.P?

ആന : കാട്ടിലെ ഏററവും കരുത്തനായ പൗരൻ ഞാനാണ്. എനിയ്ക്ക് ശക്തിയുണ്ട്, ബുദ്ധിയുണ്ട്, ചന്തവുമുണ്ട്.

കഴുത : അതെയതെ. ആനച്ചന്തമെന്നല്ലേ പറയാററ്? കറുപ്പിന് ഏഴഴക്!

കുതിര : മനുഷ്യരാജാക്കൻമാരുടെ നിലനിൽപു പോലും ഞങ്ങളിലാണ്. അവരുടെ ഭരണ

തന്ത്രം എനിയ്ക്കറിയാം. യുദ്ധതന്ത്രം എനിയ്ക്കറിയാം.

മാൻ : യുദ്ധമോ? ശാന്തം പാപം! യുദ്ധം കൊണ്ട് ആരുമാരും ജയിക്കുന്നില്ല. ഈ കാലഘട്ടം സമാധാനത്തിൻേറതാണ്.

കുതിര : സമാധാനം. തിന്നാൻ വരുന്ന പുലിയുടെ മുന്നിലാണോ സമാധാനം പറഞ്ഞു നിൽക്കുന്നത്? പോടാ ദൂരെ. ഞാൻ തന്നെയാ രാജാവാകാൻ യോഗ്യൻ.

ആന : (ചിന്നം വിളി) ഹും. എന്നെ വെല്ലാൻ നീയോ?

(കുതിര ചിനയ്ക്കുന്നു. ഏററുമുട്ടാനൊരുങ്ങുന്നു. കഴുത തടയാനൊരുങ്ങുന്നു. കഴുതയ്ക്ക് ഇടി കിട്ടുന്നു.)

മുയൽ : ഛെ. ഛെ. എന്തായിത്. ഹൊ, നമ്മുടെ കഴുതച്ചേട്ടൻ വീണല്ലൊ. നിർത്ത്. നമുക്കിടയിലും ശണ്ഠയോ.നമ്മളെല്ലാംസസ്യഭുക്കുകളല്ലെ? നമ്മുടെ ശത്രുക്കളാരാ? മാംസം തീനികളല്ലെ. അവരുടെ അതിക്രമങ്ങളെ നേരിടാൻ നമ്മളൊററക്കെട്ടായി നിൽക്കണം, കരുത്തനായ ഒരു നേതാവും വേണം. അതിന് ഇപ്പോഴം കറുമ്പൻ ചേട്ടൻ തന്നെ മതി. ചേട്ടൻെറ പിന്നിൽ നമുക്കൊന്നിച്ചണി നിരക്കാം. സമ്മതമല്ലെ എല്ലാവർക്കും?

പുലി : (ചാടിവീണിട്ട്) സമ്മതമല്ലെടാ പുല്ലുതീനികളെ. ഓരോന്നിനെയായി ഞാൻ കാണിച്ചുതരാം. (കുറുക്കനും കരടിയും പുലിയോടൊപ്പം ചേരുന്നു.)

ആന : ചിന്നം വിളിച്ചുകുത്താനൊരുങ്ങി നിൽക്കുന്നു.

കഴുത : ഓ പിന്നെ പിന്നെ.വിരട്ടാതെ. കാലംമാറി. ഞങ്ങൾ സസ്യഭുക്കുകൾ ഇപ്പം ഒററക്കെട്ടാ. ഞങ്ങളുടെ നേതാവ് ആരാണെന്നറിയാമോ? ഈ കൊമ്പൻ ചേട്ടനാ. ധൈര്യമുണ്ടെങ്കിൽ വന്നാമതി!

ആന : (ചിന്നംവിളിച്ച്) പുല്ലുതീനികളെന്ന് മേലിൽ പരിഹസിക്കരുത്. ഞങ്ങളില്ലെങ്കിൽ നിങ്ങളുമില്ല. ഈ ലോകത്തിൻെറ നില നില്പു തന്നെ സസ്യഭുക്കുകളിലാ. ഇനി നേതൃത്വം ഞങ്ങൾക്കാണ്.

കുറുക്കൻ : ഓഹോ അത്രയ്ക്കായോടാ അഹങ്കാരികളെ? (പുലിയോട്) ചെല്ല് പുലിച്ചേട്ടാ ചെല്ല്. ഒററക്കടിക്ക് ഒരുത്തൻെറ കഴുത്ത് വായിലിരിക്കണം.

കരടി : പുലിയോട്. തനിക്കു ധൈര്യമില്ലെങ്കിൽ പറ. ഞാനായിക്കൊള്ളാം.

ആന : എന്നാലതൊന്ന് കണ്ടിട്ട് തന്നെ കാര്യം. (ചിന്നംവിളിയ്ക്കുന്നു. പശ്ചാത്തലത്തിൽ മർമ്മര ശബ്ദം. ഇലകൾ പ്രത്യക്ഷപ്പെടുന്നു.)

ഇല : ശ് ശ് നിർത്തുവിൻ: ഞങ്ങളാണ് ലോകത്തിൻെറ അന്നദാതാക്കൾ. ഞങ്ങളില്ലെങ്കിൽ നിങ്ങൾ സസ്യഭുക്കുകളുമില്ല. മാംസഭുക്കുകളുമില്ല. ഞങ്ങൾ എവിടെയുമുണ്ട്. കരയിലും കടലിലും എല്ലാം. നിങ്ങൾക്കാഹാരം മാത്രമല്ല, പാർപ്പിടവും വസ്ത്ര

വും ജീവിതം തന്നെയും നൽകുന്ന ഞങ്ങ ളല്ലെ ഭൂമിയിലെ രാജാക്കൻമാർ!

കുറുക്കൻ : ഛേ! കുറെ പച്ചിലകള് വന്ന്ചെലയ്ക്കു ന്നത് കേട്ടില്ലേ. കൂയ്

മാംസ : (ഒന്നിച്ച്) നിങ്ങളെങ്ങനെയാണ് മാംസഭു ക്കുകളായ ഞങ്ങളെ പോററുന്നത്?

സസ്യ : പ്രകാശസംശ്ലേഷണത്തിലൂടെ ഞങ്ങൾ പാ കം ചെയ്യുന്ന ഭക്ഷണം കഴിച്ചിട്ടാണ് ഈ സസ്യഭുക്കുകൾ ഇങ്ങനെ തടിച്ചുകൊഴു ക്കുന്നത്. അവരുടെ മാംസം കിട്ടിയില്ലെ ങ്കിൽ നിങ്ങൾ എന്ത് ഭക്ഷിക്കും.

(പശ്ചാത്തലത്തിൽ പ്രത്യേക സംഗീതം)

(സൂര്യൻ ഉദിച്ചുയർന്നുവരുന്നു.)

സൂര്യൻ : ഹ ഹ ഹ പ്രകാശസംശ്ലേഷണമോ? എൻെറ പ്രകാശമില്ലെങ്കിൽ പിന്നെന്ത് പ്രകാശ സംശ്ലേഷണം. ഞാനില്ലെങ്കിൽ സസ്യങ്ങളാ യ നിങ്ങൾക്കും ഭക്ഷണമില്ല; നിലനി ല്പില്ല.

(എല്ലാവരും അന്യോന്യം പതുക്കെ'സൂര്യൻ! സൂര്യൻ!' എന്നുപറയുന്നു)

സൂര്യൻ : കുട്ടികളെ എൻെറ കനിവാണ് നിങ്ങളുടെ എല്ലാം പുലർച്ച. നിങ്ങളുടെ വെളിച്ചവും ചൂടുംശക്തിയും എല്ലാസമ്പത്തും.എന്തി ന് നിലാവ്പോലും എൻെറ സംഭാവനക ളാണ്.ഇവിടെ രാജാവുമില്ല പ്രജയുമില്ല— എല്ലാവരും എൻെറ ഊർജത്തിൻെറ ഉപഭോ ക്താക്കൾ മാത്രം. അതുകൊണ്ട് നിങ്ങൾ

പരസ്പരം മത്സരിക്കാതെ അവരവർക്കാവശ്യമുള്ളത് കൊണ്ടും കൊടുത്തും കഴിഞ്ഞാൽ പോരെ മക്കളെ.

എല്ലാവരും: മതി! മതി! മതി!

സംഗീതം

(സസ്യങ്ങൾ, സസ്യഭുക്കുകൾ, മാംസഭുക്കുകൾ എന്ന ക്രമത്തിൽ അപ്രത്യക്ഷമാകുന്നു. വന്നപ്പോഴത്തെ പ്രത്യേക സംഗീതത്തോടെ സൂര്യനും മറയുന്നു.)

കേരള
ശാസ്ത്ര സാഹിത്യ
പരിഷത്ത്

വില: രണ്ടു രൂപ

KSSP, BUJ 88/-1/10k

Social Scientist Press, Phone : 68502